(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) നിലവിലുള്ള കേരള കൈ തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമ നിധി പദ്ധതി പരിഷ്കരിച്ച് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളേയും ഉൾപ്പെടുത്തി, ഒരു ക്ഷേമനിധി നിയമമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ, ലേബർ അജൻഡയുടെ ഭാഗമായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യസഹായം നൽകാനുള്ള ഒരു ഫണ്ട് രൂപീകരിക്കുന്നതാണ്. (മെഡിക്കൽ റിലീഫ് ഫണ്ട്).

(ബി) ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. ഇതിലേയ്ക്കുള്ള നിർദ്ദേശം ലേബർ കമ്മീഷണർ എല്ലാ ജില്ലാ ലേബർ ഓഫീസറൻമാർക്കും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ജില്ലാ ഭരണകൂടവും സ്പോർട്സ് കൗൺസിലും തൊഴിൽ വകുപ്പും സംയോജിതമായി തൊഴിലാളികളുടേയും കുടുംബാംഗങ്ങളുടേയും കലാകായിക മൽസരങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള നടപടി

21 (*51) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വീടില്ലാത്ത എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) 2001 ജനുവരി 26-ന് മുമ്പ് ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രസ്തുത വകുപ്പു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) പരിശോധനയിൽ കണ്ടെത്തിയ പ്രധാന വിലയിരുത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ജില്ലാതലത്തിലും അതിന് താഴേക്കും ഇത്തരം പരിശോധനയ്ക്കുള്ള സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഉണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എല്ലാ പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ വീടു നിർമ്മിച്ചു നൽകുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സുവർണ്ണ ജൂബിലി മൈത്രി സമ്പൂർണ്ണ പാർപ്പിട പദ്ധതി. കേരള ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ചു നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം പ്രതിവർഷം 15000 രൂപയിൽ താഴെ കുടുംബ വരുമാനമുള്ളവരും സ്വന്തമായി വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമിയുള്ളവരും, സ്വന്തം പേരിലോ, ഭാര്യയുടെ/ ഭർത്താവിന്റെ പേരിലോ, അവിവാഹിതരായ മക്കളുടെ പേരിലോ വീടില്ലാത്ത വരും, മറ്റേതെങ്കിലും ഭവന നിർമ്മാണ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്തവരുമായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നുണ്ട്. ഇതനുസരിച്ചുള്ള ഭവന നിർമ്മാണ ധനസഹായം 35000 രൂപാ വീതമാണ്. ഇതിൽ വകുപ്പുകളുടെ വിഹിതമായ ഒരു വീടിന് 19,500 രൂപ വീതം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുമ്പോൾ ഭവന നിർമ്മാണ ബോർഡ് ശേഷിച്ച തുക കൂടി ചേർത്ത് 35,000 രൂപാ 4 ഗഡുക്കളായി ഗുണഭോക്താവിന് നൽകി വരുന്നു. 1998-ൽ തെരഞ്ഞെടുക്കപ്പെട്ട 17 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി. 1999-2000 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 140 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്.

(ബി) 1998-99, 1999-2000 വർഷങ്ങളിൽ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഭവനരഹിതരായ മുഴുവൻ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബക്കാരെയും കണ്ടെത്തി അവർക്ക് 2000 ആഗസ്റ്റ് 15 നു മുമ്പ് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2000-2001-ൽ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ ജനുവരി 26 ന് മുമ്പ് ഭവന നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേനയും ഭവനരഹിതരായ പരമാവധി കുടുംബങ്ങൾക്ക് വീടുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1998-99 വർഷം സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ പട്ടികജാതി വികസന വകുപ്പിൽ നിന്നും 6382 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 766 ലക്ഷം രൂപയും ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിരുന്നു. ഇതിനു പുറമേ 19500 ലക്ഷം രൂപയും 3900 ലക്ഷം രൂപയും യഥാക്രമം ഗ്രാന്റ്-ഇൻ-എയ്ഡായി നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇവ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ജില്ലാതലത്തിൽ ജില്ലാ പ്ളാനിംഗ് കമ്മിറ്റിയുടെ സബ്കമ്മിറ്റി വിലയിരുത്തുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ജില്ലാതല എസ്.സി.എസ്.റ്റി കമ്മിറ്റി പരിശോധന നടത്തുന്നു. സംസ്ഥാനതലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടറും വകുപ്പു സെക്രട്ടറിയും മന്ത്രിയും ക്ഷേമ പരിപാടികൾ വിലയിരുത്തുന്നുണ്ട്.

(ഇ) പദ്ധതികളുടെ നടത്തിപ്പ് ഓരോ വർഷം കഴിയുത്തോറും മെച്ചപ്പെട്ടുവരുന്നതായി വിലയിരുത്തി. അപൂർവ്വമായി മാത്രമേ ഫണ്ട് വകമാറ്റി ചെലവഴിച്ചതായോ, ദുർവ്വിനിയോഗം ചെയ്തതായോ പരാതിയുണ്ടായിട്ടുള്ളൂ. വീട്, കുടിവെള്ളം, വൈദ്യുതി, നടപ്പാതകൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കുകയും, നടപ്പിലാക്കുന്നതായി അവലോകനത്തിൽ വെളിവായിട്ടുണ്ട്. ഭൂരിപക്ഷം പഞ്ചായത്തുകളും ട്രൈബൽ സബ് പ്ളാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില പഞ്ചായത്തുകൾ പൊതു ഫണ്ടിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പദ്ധതികൾക്ക് ചെലവാക്കിയിട്ടുള്ളതായും കണ്ടിട്ടുണ്ട്.

(എഫ്) ജില്ലാതല എസ്.സി.എസ്.റ്റി. കമ്മിറ്റി ഇത്തരത്തിലുള്ള അവലോകനം ജില്ലാതലത്തിൽ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണർ, ജില്ലാതല എസ്.സി.എസ്.റ്റി വകുപ്പുകളിൽ ഉദ്യോഗസ്ഥൻമാർ എന്നിവർ ചേർന്നു തദ്ദേശ സ്ഥാപനങ്ങളിലെ പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നുണ്ട്.

ആദിവാസി ക്ഷേമ പദ്ധതികൾ

22 (*52) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. വി .കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനു വേണ്ടി 1999-2000 വർഷത്തിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly